പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1293

30.09.2011-ൽ മറുപടിയ്ക്ക്

എക്സ്റ്റൻഷൻ ഓഫീസർ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) മലബാർ മേഖലയിൽ ആവശ്യത്തിന് വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർമാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സത്വര നടപടി ഉണ്ടാകുമോ? | (ബി) 24.03.2010ലെ സർക്കാർ ഉത്തരവ് നമ്പർ 1006/10/തസ്വഭവ പ്രകാരം ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ പുനർവിന്യസിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിളുകൾ പുനർ നിർണ്ണയം ചെയ്യുമ്പോൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള തസ്തികകളിൽ അഡ്വൈസ് ലഭിക്കുന്ന ഉദ്യോഗാർത്ഥികളെ അവരുടെ ലാവണത്തിനു ഭംഗം വരാത്ത വിധം വി.ഇ.ഒ/എൽ.വി.ഇ.ഒ.മാർ കുറവുള്ള വടക്കൻ ജില്ലകൾ ഉൾപ്പെടെയുള്ള ജില്ലകളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ